# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2148

08.03.2018- ൽ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.കെ.ശശി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സംസ്ഥാന സഹകരണ ബാങ്ക് ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളിൽ സഹകാരികളായ അംഗങ്ങൾക്ക് യഥാസമയം സേവനം ലഭ്യമാകാത്തതും മോശമായ പെരുമാറ്റവും നടക്കുന്നതായ പരാതികൾ പരിഹരിക്കാനും ഫലപ്രദമായ സേവനം ഉറപ്പ വരുത്താനുമായി സഹകരണ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ; | (എ) | സഹകരണ സംഘം രജിസ്ട്രാറുടെ 37/2008 സർക്കുലർ പ്രകാരം സഹകരണ സ്ഥാപനങ്ങളിലെ ഇടപാടുകാരോട് പാലിക്കേണ്ട പെരുമാറ്റം സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിലെ ഇടപാടുകാർക്കും, മെമ്പർമാർക്കും ഭരണസമിതി അംഗങ്ങൾക്കും മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുവാൻ സ്ഥാപനങ്ങളിലെ ജീവനക്കാരെ നിരന്തരം ബോധവൽക്കരിക്കുന്നുണ്ട്. കൂടാതെ പ്രതിമാസ അവലോകന യോഗങ്ങളിലും സർക്കിൾ യൂണിയൻ സംഘടിപ്പിക്കുന്ന ക്ലാസുകളിലും ഈ വിഷയം ചർച്ച ചെയ്യുകയും ചെയ്തുവരുന്നു. യൂണിറ്റ് ഇൻസ്പെക്ടർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരും സംഘതല പരിശോധനകളിൽ സഹകരണ സംഘം ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. |
| (ബി) ഈ സർക്കാർ കാലയളവിൽ ഇത്തരത്തിൽ എത്ര പേരുടെ പേരിൽ പരാതികൾ ലഭിച്ചു; ഇതിൽ എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഈ സർക്കാർ കാലയളവിൽ 9 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ മലപ്പുറം തിരൂർ അർബൻ സഹകരണ ബാങ്കിലെ പരാതിയിൽ ജീവനക്കാരനെ സസ്പെൻഡ് ചെയ്യുകയും പാലക്കാട് |

ഡി.സി.ബി യിലെ പരാതിയിൽ ജീവനക്കാരനെ സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 7 പരാതികളിൽ അന്വേഷണം നടന്നുവരുന്നു.

**സെക്ഷൻ ഓഫീസർ**